പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 5704

05.07..2013 -ൽ
മറുപടിയ്ക്ക്

## കുഴൽമന്ദം മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്കിന് എ.ഐ.സി.റ്റി.ഇ യുടെ അംഗീകാരം ലഭിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കുഴൽമന്ദം മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്കിന് എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയത് നേടിയെടുക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ; | (എ) കുഴൽമന്ദം മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്കിന് എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഈ വർഷം എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര വർഷമായി പ്രവേശനം നൽകുന്നില്ല; എന്തുകൊണ്ടാണ് പ്രവേശനം നൽകാത്തത്; | (ബി) 2012-13, 2013-14 അദ്ധ്യയന വർഷങ്ങളിൽ പ്രസ്തുത സ്ഥാപനത്തിൽ പ്രവേശനം നടത്തിയിട്ടില്ല. എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരം ലഭിക്കാത്തതിനാലാണ് ഈ വർഷവും പ്രവേശനം നടത്താൻ സാധിക്കാത്തത്. |
| (സി) സ്ഥാപനം ഇപ്പോൾ പൂർണ്ണമായും ഐ.എച്ച്.ആർ.ഡി. യുടെ നിയന്ത്രണത്തിൽ വന്നിട്ടുണ്ടോ; എ.ഐ.സി.റ്റി.ഇ. അംഗീകാരത്തിന് ഐ.എച്ച്.ആർ.ഡി. നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) സ്ഥാപനം ഇപ്പോൾ പൂർണ്ണമായും ഐ.എച്ച്.ആർ.ഡി. യുടെ നിയന്ത്രണത്തിൽ വന്നിട്ടില്ല. നിലവിലുള്ള വസ്തുവകകൾ ഐ.എച്ച്.ആർ.ഡി. യുടെ പേരിൽ കൈമാറ്റം ചെയ്യാലേ ടി സ്ഥാപനം പൂർണ്ണമായും ഐ.എച്ച്.ആർ.ഡി.യുടെ നിയന്ത്രണത്തിൽ വരുകയുള്ളു. എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരത്തിനായി ഈ വർഷം അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | **സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കു മെന്നാണ് പ്രതീക്ഷിക്കുന്നത്;** | (ഡി) | സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ത്തിന്റെ ഒന്നാംഘട്ടം പൂർത്തിയായി വരുന്നു. രണ്ട് മാസംകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കു മെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | **വിദ്യാർത്ഥി പ്രവേശനം എന്നു മുതൽ ആരംഭിക്കുവാനാണ് ആലോചിക്കുന്നത്; വ്യക്തമാ ക്കുമോ?** | (ഇ) | എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് വിദ്യാർത്ഥി പ്രവേശനം നടത്താനാണ് ആലോചിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**